പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 563

29.11.2018 - ൽ മറുപടിക്ക്.

## പ്രളയത്തിൽ വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടം

ചോദ്യം

ശ്രീ യു.ആർ.പ്രദീപ്

മറുപടി

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) 2018 ലെ മഹാപ്രളയത്തിൽ സംസ്ഥാനത്തെ വ്യവസായ & മേഖലയ്ക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;<br><br>(ബി) ഇതിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം, ചെറുകിട വ്യവസായ മേഖലയുടെ നഷ്ടം എന്നിവ എത്ര കോടി രൂപ വീതമാണ്; | (എ) : (ബി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽ പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്.<br>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ **47.61** കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.<br>കൈത്തറി വ്യവസായ മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിൽ ഏറ്റവും അധികം നാശം സംഭവിച്ചിട്ടുള്ളത് എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിലുള്ള ചേന്ദമംഗലം പ്രദേശത്തെ 8 കൈത്തറി സഹകരണ |

സംഘങ്ങൾക്കാണ്. 2.84 കോടി രൂപയുടെ നാശനഷ്ടമാണ് കൈത്തറി സംഘങ്ങൾക്കുണ്ടായത്. പ്രസ്തുത കൈത്തറി സംഘങ്ങളിലെ 255 തറികൾ, തുണിത്തരങ്ങൾ, നൂലടക്കമുള്ള അസംസ്കൃത വസ്തുക്കൾ, ഫർണിച്ചർ, ഡൈഹൗസ്, വർക്ക് ഷെഡ് തുടങ്ങിയവയെല്ലാം നശിച്ചുപോയി. 53 തറികൾ പൂർണമായും 202 തറികൾ ഭാഗികമായും നശിച്ചു. ചേന്ദമംഗലം യാൺ ബാങ്കിനും വൻ നഷ്ടം ഉണ്ടായി. എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ കൈത്തറി സംഘങ്ങൾക്കാവശ്യമായ നൂൽ വിതരണം ചെയ്യുന്ന ചേന്ദമംഗലം യാൺ ബാങ്കിൽ സൂക്ഷിച്ചിരുന്ന 31.21 ലക്ഷം രൂപയുടെ നൂൽ നശിച്ചു പോയി.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രളയം സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റോക്ക്, മെഷീനുകൾ, ഇലക്ട്രിക് സാധനങ്ങൾ കെട്ടിടങ്ങൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രളയം നിമിത്തം ഏകദേശം 39.60 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

| | |
|---|---|
| (സി) പ്രളയസമയത്തും പ്രളയാനന്തരവും വ്യവസായ മേഖലയ്ക്ക് ഉണ്ടായ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (സി) : പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന പ്ലാനിങ് ബോർഡിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു : |

(എ) : പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർ നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ഇത്. സ്റ്റാർട്ട് അപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ടു ഘട്ടമായിട്ടാണ് സഹായം നൽകുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15% മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നൽകുന്നതാണ്. കെട്ടിടം, മറ്റു നിർമ്മണ പ്രവർത്തികൾ, യന്ത്ര സാമഗ്രികൾ, മറ്റു അവശ്യ സ്ഥിര ആസ്തികൾ എന്നിവയാണ് സ്ഥിര നിക്ഷേപത്തിൽ ഉൾപ്പെടുക. അർഹതപ്പെട്ട തുകയുടെ 50% ആദ്യം നൽകുകയും സ്ഥാപനം പുനർ നിർമ്മിച്ച ശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ബി) : ദുരന്ത ബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയളവ് 3 വർഷത്തേക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

**ഹ്രസ്വകാല വായ്പ പദ്ധതികൾ :**

9% പലിശയ്ക്ക് മൂന്ന് കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലാവധി 3 വർഷമായി

ഉയർത്തിയിട്ടുമുണ്ട്.

പ്രളയബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുമുണ്ട്.

**നിശ്ചിതകാല വായ്പ :**

പ്രളയ ബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പ പദ്ധതികളുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും. നിലവിലെ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കുറയാത്ത വിധവുമാണ് ഇത് നടപ്പിലാക്കുക.

**നിലവിലെ സംരംഭകർക്ക് :**

നിലവിൽ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴ പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറോട്ടോറിയവും വായ്പ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കുവാനും തീരുമാനമായിട്ടുണ്ട്.

കൈത്തറി മേഖലയിൽ കേടുപറ്റിയ 255 തറികളിൽ 219 എണ്ണം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിങ് കമ്മിറ്റി 25/10/2018-ൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഡിസംബർ 15-നകം എല്ലാ തറികളും പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ